# ആത്മരക്ഷയും
# ക്രിസ്തീയ ജീവിതവും

കെ. ജി കുര്യൻ, കോട്ടയം

# ആത്മരക്ഷയും ക്രിസ്തീയ ജീവിതവും

ആത്മരക്ഷക്കായുള്ള ആഗ്രഹം ഇല്ലാത്തവരില്ല. എന്നാൽ അതിനുള്ള മാർഗ്ഗം എന്താണ്? ആത്മരക്ഷ പ്രാപിക്കണം, മുക്തിനേടണം, മോക്ഷംപ്രാപിക്കണം, രക്ഷ ലഭിക്കണ മെന്നൊക്കെ പറയുമ്പോൾ ഒരു പ്രധാന ചോദ്യം മുമ്പിൽ പൊന്തിവരുന്നു. ഏതിൽ നിന്നാണ് മുക്തി നേടേണ്ടത്? ഏതിൽ നിന്നാണ് രക്ഷപെടേണ്ടത്? മതങ്ങൾ പഠിപ്പിക്കുന്ന വസ്തുതകളുടെ വെളിച്ചത്തിലും നമ്മുടെ അനുഭവം നോക്കിയാലും പാപപ്രശ്നത്തിനുള്ള പരിഹാരമായിരിക്കണം ഈ രക്ഷ.

നമ്മുടെ അസമാധാനത്തിൻെറയും അസ്വസ്ഥതകളുടെയും മൂലകാരണമാണ് പാപം. പാപികളുടെ രക്ഷകനായി വെളി പ്പെട്ടിരിക്കുന്നത് യേശുക്രിസ്തു മാത്രമാണ്. ലോകരക്ഷ കനെന്ന പേര് യേശുക്രിസ്തുവിനു മാത്രമുള്ളതാണ്. പാപി കളെ രക്ഷിക്കുന്നതിനാലാണ് താൻ ലോകരക്ഷകനാ യിരിക്കുന്നത്. 'ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു' എന്നാണ് ക്രിസ്തുവിൻെറ പ്രമുഖ ശി ഷ്യനായ പൗലോസ് പറഞ്ഞിരിക്കുന്നത് (1 തിമൊ. 1:15). അതിനാൽ ക്രിസ്തുമൂലമുള്ള രക്ഷ എങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം.

ദൈവവചനമാകുന്ന ബൈബിളിലെ വാക്യങ്ങളെയാണ് നാം തെളിവുകളായി അംഗീകരിക്കുന്നത്. മനുഷ്യൻ പാപി യാണെന്ന് മാത്രമല്ല അവൻ ജന്മനാ പാപിയാണ്. നാം പാപികളായിട്ടാണ് ലോകത്തിൽ ജനിക്കുന്നത്. അതിനു കാരണം ആദ്യമനുഷ്യനായ ആദാം പാപംചെയ്ത് പാപി യായിത്തീർന്നു എന്നതാണ്. 'ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു' (റോമർ 5:12).

ആദാമിൻെറ സന്തതികളാണ് സകല മനുഷ്യരും; തന്നിമിത്തം ആദാമിൻെറ മക്കളെല്ലാം ആദാമിൻെറ പാപപ്രകൃതിയിലാണ് ലോകത്തിൽ ജനിക്കുന്നത്. നാം പാപംചെയ്ത് പാപികളാ യതല്ല, മറിച്ച്, പാപപ്രകൃതിയിൽ ജനിച്ചതിനാൽ പാപപ്ര വർത്തികൾ ചെയ്തുപോകുകയാണ്. പാപമാകുന്ന മൂലപ്രകൃതി നമ്മിലുള്ളതിനാൽ പാപഫലങ്ങൾ നാം ഉളവാക്കുന്നു.

**1. പാപം:** പാപം എന്നതിന് ഒരു വിശദീകരണം ആവ ശ്യമാണ്. പാപം അനുസരണക്കേടാണ്. പാപം ദൈവത്തോ ടുള്ള ശത്രുതയാണ്. പാപം കല്പനാ ലംഘനമാണ്. ദൈവ ത്തിൻെറ ലക്ഷ്യത്തിൽനിന്നും നാം അകന്നുപോകുന്നതാണ് പാപം. 'ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലത്തവരായിത്തീർന്നു' (റോമർ 3:23). പാപ ത്തിന് ജാതി–മത വ്യത്യാസമില്ല. പാപംനിമിത്തം ദൈവ തേജസ്സ് നഷ്ടപ്പെട്ടു. 'പാപത്തിൻെറ ശമ്പളം മരണമത്രെ' (റോമർ 6:23). ദൈവദൃഷ്ടിയിൽ നാം എല്ലാവരും പാപിക ളായി. എന്നുവച്ചാൽ എല്ലാവരും ഒരുപോലെയുള്ള ദുഷ്ക ർമ്മങ്ങൾ ചെയ്യുന്നു എന്നല്ല, ഏതു ദുഷ്കർമ്മവും ചെയ്യുവൻ കഴിവുള്ള ഒരു പ്രകൃതിയുടെ ഉടമസ്ഥരായിത്തീർന്നി രിക്കയാണ് നാം. ആദാമിൻെറ ലംഘനമാണ് നാം പാപിക ളാകുവാൻ കാരണമാക്കിയത്.

നാം പാപികളായി ജനിച്ചത് നമ്മുടെ പ്രവർത്തികൾ നിമി ത്തമല്ല, ആദാമിൻെറ പ്രവർത്തിയാലാണ്. പാപത്തിൻെറ ശി ക്ഷയായ മരണത്തിൽനിന്നു വിടുതൽ പ്രാപിക്കുന്നതിനും നമ്മുടെ പ്രവർത്തികൾ പോരാ. പാപികളെന്ന നിലയിൽ നാം കുറ്റക്കാരാണ്; ദൈവസന്നിധിയിൽ ശിക്ഷായോഗ്യരാണ്. നമ്മുടെ മന:സാക്ഷിയും ഈ സത്യം നമ്മോട് പറയുന്നു. ശിക്ഷയെപ്പറ്റിയുള്ള ഭയമാണ് അസമാധാനത്തിനു കാരണം. ലോകത്തിൽ ഇന്നു കാണുന്ന സകല വിദ്വേഷവും പകയും

അക്രമവും പാപത്തിൻെറ പരിണിത ഫലങ്ങളാണ്. പാപം എന്ന വസ്തുതയെ നിഷേധിക്കുന്നതുകൊണ്ട് പ്രയോജനമില്ല. പാപികൾ പലതരമുണ്ട്. മതഭക്തരും അല്ലാത്തവരുമായ പാപികൾ, ആസ്തികരും നാസ്തികരുമായ പാപികൾ, പണ്ഡിതന്മാരും പാമരന്മാരുമായ പാപികൾ, ധനവാന്മാരും ദരിദ്രന്മാരുമായ പാപികൾ ഇങ്ങനെ പലതരം ചിന്താഗതിക്കാരും, ഉയർച്ച താഴ്ച്ചകളോടുകൂടിയവരുമായ പാപികൾ ലോകത്തിലുണ്ട്. എന്നാൽ ദൈവസന്നിധിയിൽ എല്ലാവരും പാപികൾ മാത്രം.

**2. പാപത്തിനെന്താണ് പരിഹാരം?** പാപപരിഹാരത്തിനായി മനുഷ്യൻ പല മാർഗ്ഗങ്ങൾ ആരാഞ്ഞുനോക്കി; ഇപ്പോഴും നോക്കുന്നു. പക്ഷെ ഫലമില്ല. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പാപം കലർന്നിരിക്കുന്നു. ഇനിയും പാപംചെയ്യുകയില്ലെന്ന് ചിലർ തീരുമാനിക്കുന്നു. എന്നാൽ അതുകൊണ്ടും ഫലമില്ല. ചെയ്തുപോയ പാപത്തിനെന്താണ് പരിഹാരം? പുണ്യകർമ്മങ്ങൾകൊണ്ടൊന്നും പാപത്തിന് പരിഹാരം ലഭിക്കയില്ല.

ഇതിനു ദൈവം വല്ലപരിഹാരമാർഗ്ഗവും കരുതിയിട്ടുണ്ടോ? ഉണ്ട്. അതാണ് ലോകരക്ഷകനായ യേശുക്രിസ്തു. 'ഇപ്പോഴോ ദൈവത്തിൻെറ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു' (റോമർ 3:21). 'ഇപ്പോഴോ' എന്നുദ്ദേശിക്കുന്നത് യേശുക്രിസ്തുവിൻെറ ക്രൂശുമരണത്തിനും പുനരുത്ഥാനത്തിനുംശേഷം എന്ന അർഥത്തിലാണ്. അതിനുമുമ്പ് മനുഷ്യന് സ്വന്തപ്രവർത്തികളാൽ പാപത്തിൻെറ ശിക്ഷയിൽ നിന്നും രക്ഷപെടുവാൻ സാധിക്കുമോ എന്നു ശ്രമിച്ചുനോക്കുവാൻ ദൈവം അവസരം കൊടുത്തു, എങ്കിലും സാധ്യമല്ല എന്ന് തെളിഞ്ഞു.

ദൈവത്തിൻെറ നീതി എന്നു പറയുന്നത് ദൈവത്തിൻെറ ശക്തി, വിശുദ്ധി ആദിയായ ഗുണലക്ഷണങ്ങളുടേയും അവകാശങ്ങളുടേയും ആകെത്തുകയാണ്. 'അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിൻെറ കോപം സ്വർഗ്ഗത്തിൽനിന്നു വെളിപ്പെടുന്നു' (റോമർ 1:18). ദൈവത്തിൻെറ കോപം എന്നു പറയുന്നത്, തൻെറ വിശുദ്ധിക്കെതിരായിട്ടുള്ള ഏതിനോടും ദൈവത്തിനുള്ള മനോഭാവമാണ്.

3. **രക്ഷാമാർഗ്ഗം:** മനുഷ്യൻെറ പാപത്തെ നീതിപൂർവ്വം പരിഹരിക്കുവാനും അങ്ങനെ മനുഷ്യനോടുള്ള ദൈവത്തിൻെറ സ്നേഹവും കരുണയും പ്രദർശിപ്പിക്കുവാനുമാണ് യേശുക്രിസ്തു ലോകത്തിൽ വന്നത്. ആദാം മൂലമാണ് നാം പാപികളായിത്തീർന്നതെന്ന് മുമ്പ് പറഞ്ഞുവല്ലൊ. ഇതുപോലെ യേശുക്രിസ്തുമൂലം നമുക്ക് രക്ഷയും സാധിച്ചിരിക്കുന്നു. നമ്മുടെ പ്രവർത്തികളാലല്ല നാം പാപികളായതെങ്കിൽ നമ്മുടെ പ്രവർത്തികളാലല്ല ദൈവം നമ്മെ രക്ഷിക്കുന്നതും. ആദാമിൻെറ ലംഘനം നമ്മെ പാപികളാക്കിയതുപോലെ ക്രിസ്തുവിൻെറ അനുസരണം നമ്മെ നീതിമാന്മാരാക്കുവാൻ വഴി ഒരുക്കിയിരിക്കുന്നു.

4. **രക്ഷിക്കപ്പെടേണ്ടതെങ്ങനെ?** രക്ഷ നമ്മുടെ സ്വന്തമാക്കേണ്ടതു വിശ്വാസത്താലാണ്. കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിൻെറ കുടുംബവും രക്ഷ പ്രാപിക്കും (അപ്പൊ.പ്രവൃ. 16:31). നാം പാപികളാണെന്നും ആദാമിൻെറ ലംഘനം മൂലമാണ് നാം പാപികളായതെന്നും ദൈവവചനത്തിലുള്ള വിശ്വാസത്താലാണറിയുന്നത്. അതുപോലെതന്നെ ദൈവവചനത്തിലുള്ള വിശ്വാസത്താലാണ് രക്ഷ എങ്ങനെ സ്വന്തമാക്കേണം എന്നുള്ളതും നാം അറിയുന്നത്. രക്ഷക്കായി യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ

ദൈവം കല്പിച്ചിരിക്കുന്നു. അവൻെറ കല്പനയൊ ദൈവ പുത്രനായ യേശുക്രിസ്തുവിൽ നാം വിശ്വസിക്കണം എന്നു ള്ളതാണെന്ന് 1 യോഹന്നാൻ 3:23 ൽ പറയുന്നു. 'വിശ്വസി ക്കുന്നവർക്ക് അവൻ തൻെറ രക്തംമൂലം പ്രായശ്ചി ത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയി രിക്കുന്നു' (റോമർ 3:25).

**5. രക്ഷ വിശ്വാസത്താലാണ്:** എന്നുവച്ചാൽ പ്രവർത്തിയാ ലല്ല എന്നു സാരം. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നും ക്രിസ്തുവിൻെറ മരണത്താൽ നമ്മുടെ (എൻെറ) പാപങ്ങൾക്കു പരിഹാരം വന്നു എന്നും വിശ്വ സിക്കണം. വിശ്വസിക്ക എന്നതും ഒരു പ്രവർത്തിയല്ലയോ എന്നു തോന്നിയേക്കാം. ഒരാൾ ഒരു ദാനം തന്നാൽ കൈനീട്ടി അതു വാങ്ങുന്നതുപോലെയാണ് വിശ്വസിക്കുക എന്നു പറയുന്നത്. രക്ഷ ദൈവത്തിൻെറ ദാനമാണ്. നാം വിശ്വാസ ത്തിൻെറ കൈനീട്ടി അതു വാങ്ങുന്നു എന്നേയുള്ളു. വിശ്വാ സം രക്ഷയെ ഉൽഭവിപ്പിക്കുന്നില്ല. രക്ഷയെ സ്വീകരിക്കു ന്നതിനുള്ള മുഖാന്തരം ആകുന്നതേയുള്ളു. 'കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിൻെറ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല' (എഫെ.2:8,9).

**6. രക്ഷ കൃപയാലാണ്:** ദൈവം നമ്മെ രക്ഷിക്കുന്നത് നമ്മുടെ യോഗ്യതയെ അടിസ്ഥാനമാക്കിയല്ല. മറ്റൊരുവിധ ത്തിൽ പറഞ്ഞാൽ രക്ഷ നാം അർഹിക്കുന്നതല്ല. പാപി കളെന്ന നിലയിൽ നാം ന്യായമായി അർഹിക്കുന്നത് ശിക്ഷയാണ്. എന്നാൽ ദൈവം നമ്മെ രക്ഷിക്കുവാൻ ഒരു മാർഗ്ഗം ഒരുക്കിയത് തൻെറ കൃപ ഒന്നുകൊണ്ട് മാത്രമാണ്. അനർഹമായ കരുണയാണ് കൃപ! 'സകല മനുഷ്യർക്കും

രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ' (തീത്തോസ്.2:11). 'അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തൻെറ കരുണ പ്രകാരമത്രേ രക്ഷിച്ചത്' (തീത്തോസ് 3:5).

**7. രക്ഷ ക്രിസ്തുവിലാണ്, ക്രിസ്തുവിൽ മാത്രമാണ്:** ഏതു മതത്തിലാണ് രക്ഷയെന്നും ഏതു സഭയിലാണ് രക്ഷയെന്നും ചോദിക്കുന്നവരുണ്ട്. ഒരു മതത്തിലും രക്ഷയില്ല, രക്ഷിക്കുവാൻ ഒരു മതത്തിനും കഴികയില്ല. രക്ഷിക്കുവാൻ കഴിയുന്ന ഒരു പുരുഷൻ ഉണ്ട്, ഒരു രക്ഷകനുണ്ട്. അവനാണ് ക്രിസ്തു. രക്ഷ യേശുക്രിസ്തുവിലാണ് – ക്രിസ്തുവിൽ മാത്രമാണ്. രക്ഷ ക്രിസ്തുവിലും ക്രിസ്തുമതത്തിലും കൂടിയല്ല, രക്ഷ ക്രിസ്തുവിലും സഭയിലും കൂടിയല്ല, രക്ഷ ക്രിസ്തുവിൽ മാത്രമാണ്. 'മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (അപ്പോ. പ്രവൃ. 4:12). ഒരു കർമ്മവും മനുഷ്യനെ പാപത്തിൻെറ ശിക്ഷയിൽ നിന്നും രക്ഷിക്കുകയില്ല. മാമോദീസായോ കുർബ്ബാനയോ രക്ഷിക്കയില്ല; സ്നാനമോ സൽകർമ്മമോ രക്ഷിക്കയില്ല. സാക്രമെന്തുകളോ പുരോഹിതന്മാരോ രക്ഷിക്കയില്ല. പുണ്യവാളന്മാരോ ദൂതന്മാരോ രക്ഷിക്കയില്ല. യേശുക്രിസ്തു മാത്രമാണ് രക്ഷകൻ. താൻ മാത്രമാണ് ലോകരക്ഷകൻ; വേറെ ആരുമില്ല. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല' (യോഹന്നാൻ 14:6).

## രക്ഷയിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ

**1. മാനസാന്തരം:** മാനസാന്തരം എന്നത് വെറും അനുതാപമല്ല. അനുതാപത്തോടു കൂടിയ മനംതിരിവാണ്. പാപത്തെ വിട്ട് ദൈവത്തിങ്കലേക്ക് തിരിയുക. മതപരിവർത്തനമോ

സഭാപരിവർത്തനമോ അല്ല, സക്ഷാൽ മന:പരിവർത്ത നമാണാവശ്യം. 'അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കല്പ്പിക്കുന്നു' (അപ്പോ. പ്രവൃ. 17:30). ദൈവത്തിങ്കലേക്കുള്ള മാനസാ ന്തരവും യേശുക്രിസ്തുവിലെ വിശ്വാസവും (അപ്പോ. പ്രവൃ. 20:21) രക്ഷക്കാവശ്യമാണ്. പാപത്തെക്കുറിച്ചുള്ള അനുതാ പവും പാപത്തോടുള്ള വെറുപ്പും മാനസാന്തരത്തിൽ അടങ്ങി യിരിക്കുന്നു. യൂദാ അനുതപിച്ചു; എന്നാൽ മാനസാ ന്തരപ്പെട്ടില്ല. പത്രോസ് അനുതപിക്കുകയും മാനസാന്തര പ്പെടുകയും ചെയ്തു. ഒരുവനിൽ പാപബോധം ഉളവായി കഴിയുമ്പോൾ മാനസാന്തരം നടക്കുന്നു. രക്ഷ പ്രാപിക്കുവാൻ എന്തുചെയ്യണമെന്ന് കാരാഗൃഹപ്രമാണി ചോദിച്ചപ്പോൾ 'കർത്താവായ യേശുവിൽ വിശ്വസിക്ക' എന്നായിരുന്നു പൗലോസിൻെറ മറുപടി (അപ്പൊ.പ്രവൃ16:30,31). അവനോടു മാനസാന്തരത്തെപ്പറ്റി ഒന്നും പറഞ്ഞില്ല; കാരണം അവൻെറ ചോദ്യം മാനസാന്തരത്തിൻെറ ഫലമായിരുന്നു.

**2. പാപമോചനം:** നാം രക്ഷിക്കപ്പെടുമ്പോൾ നമ്മുടെ അനു ഭവത്തിൽ ആദ്യം അറിയുവാൻ കഴിയുന്നത് പാപമോചന ത്തിൻെറ (പാപക്ഷമയുടെ) സന്തോഷമാണ്. പാപികൾ എന്ന നിലയിൽ ശിക്ഷാർഹരാണെന്ന വസ്തുതയാണ് പാപ ബോധത്താൽ ദൈവാത്മാവ് നമ്മിൽ ബോധ്യമാക്കുന്നത്. ക്രിസ്തുവിലെ വിശ്വാസത്താൽ പാപശിക്ഷക്ക് മോചനം ലഭിക്കുന്നു എന്നതാണ് പാപമോചനത്തിൻെറ സാരം. കർത്താവിൻെറ അടുക്കൽ വന്ന പാപിയായ സ്ത്രീയോട് 'നിൻെറ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു' (ലൂക്കൊ.7:48) എന്നാണ് പറഞ്ഞത്. 'അവനിൽ നമുക്ക് അവൻെറ രക്ത ത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്' (എഫെ.1:7). ഒരു പാപി ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ

അവൻെറ സകല പാപങ്ങൾക്കും മോചനം ലഭിക്കുന്നു. 'അവനിൽ വിശ്വസിക്കുന്ന ഏവനും അവൻെറ നാമം മൂലം പാപമോചനം ലഭിക്കും' (അപ്പോ. പ്രവ.10:43).

**നീതീകരണം:** നീതീകരണം എന്നുവച്ചാൽ നീതിമാനാക്കുക എന്നതല്ല, കുറ്റം ചെയ്തിട്ടില്ലാത്ത നിർദോഷിയെന്ന് വിധി പ്രസ്താവിക്കലാണ്. ശിക്ഷാവിധിക്കെതിരായ തീർപ്പാണ് നീതീകരണം. 'നീതീകരിക്കുന്നവൻ ദൈവം; ശിക്ഷ വിധിക്കുന്നവൻ ആർ' (റോമർ 8:33,34. ചുരുക്കത്തിൽ ശിക്ഷാവിധിക്കെതിരായ വിധിയാണ് നീതീകരണം. ആരെയാണ് നീതീകരിക്കുന്നത്? 'അഭക്തനെ' എന്നാണ് പൗലോസ് റോമർക്കെഴുതിയ ലേഘനത്തിൽ പറയുന്നത്. 'അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവൻെറ വിശ്വാസം നീതിയായി കണക്കിടുന്നു' (റോമർ 4:5). ചുങ്കക്കാരൻെറയും പരീശൻേറയും ദൃഷ്ടാന്തം കർത്താവ് പറഞ്ഞത് ഇക്കാര്യത്തെ തെളിയിക്കുവാനാണ് (ലൂക്കൊ.18:10–14). പരീശൻ തന്നെത്താൻ നീതിമാനാണെന്ന് തെളിയിക്കുവാൻ ശ്രമിച്ചു. എന്നാൽ ചുങ്കക്കാരൻ പാപഭാരത്താൽ മാറത്തടിച്ച് 'ദൈവമെ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ' എന്ന് മാത്രം പറഞ്ഞു എങ്കിലും അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി. നീതീകരണം പാപക്ഷമയിലുപരിയായ ഒന്നാണ്. ഒരു പാപി യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ അവനെ പാപം ചെയ്തിട്ടില്ലാത്തവനെന്നപോലെ ദൈവം കണക്കാക്കി സ്വീകരിക്കുന്ന പ്രക്രിയയാണ് നീതീകരണം.

**നീതീകരണവും പാപമോചനവും തമ്മിലുള്ള വ്യത്യാസം:** പാപക്ഷമ എന്നത് പാപകുറ്റത്തിൻെറ ശിക്ഷയിൽനിന്നുള്ള വിടുതലാണ്. ചെയ്ത കുറ്റത്തിൻെറ ശിക്ഷക്ക് ഇളവു കൊടുക്കുന്നതാണ് പാപമോചനം. എന്നാൽ ആ വ്യക്തി

പാപം ചെയ്തിട്ടേയില്ല എന്ന പ്രഖ്യാപനമാണ് നീതീകരണം. ക്രിസ്തുവിൽ നമുക്ക് പാപമോചനം മാത്രമല്ല നീതീകരണവും ദൈവം കരുതിയിരിക്കുന്നു. ശലോമോൻെറ പ്രാർത്ഥനയിൽ 'ദുഷ്ടനെ ശിക്ഷിക്കുകയും നീതിമാനെ നീതീകരിക്കുകയും' ചെയ്യുന്ന ദൈവമെന്നു പറയുന്നു (1 രാജാ. 8:32). പുതിയ നിയമത്തിലാകട്ടെ, ദൈവം ശിക്ഷായോഗ്യനെ (അഭക്തനെ) ക്രിസ്തുമൂലം നീതീകരിക്കുന്നു. നീതീകരണം കൃപായാൽ – (റോമ. 3:24), നീതീകരണം വിശ്വാസത്താൽ – (റോമ. 3:28), നീതീകരണം ക്രിസ്തുവിൻെറ രക്തത്താൽ – (റോമ. 5:9). നീതീകരണത്തിൻെറ ഉത്ഭവം ദൈവകൃപയാണ്; നീതീകരണം സാദ്ധ്യമാക്കിത്തീർത്തത് ക്രിസ്തുവിൻെറ രക്തമാണ്; നീതീകരണം നമ്മുടെ വകയായിത്തീരുന്നത് വിശ്വാസത്താലാണ്.

**രക്ഷാനിർണ്ണയം:** 'രക്ഷിക്കപ്പെടുക' എന്നത് ഈ ആയുസ്സിൽ സാധിക്കേണ്ട ഒരു കാര്യമാണ്. മരണാനന്തരം രക്ഷിക്കപ്പെടുവാൻ സാധിക്കുമെന്ന് ഒരു ചെറിയ സൂചനപോലും തിരുവെഴുത്തിലില്ല. സാധ്യമല്ലെന്നാണ് തെളിവുകളെല്ലാം. മരണശേഷം ആരും രക്ഷിക്കപ്പെട്ടതായും ബൈബിളിൽ തെളിവില്ല. ഈ ആയുസ്സിൽ രക്ഷിക്കപ്പെടുവാൻ കഴിയുമെന്നു മാത്രമല്ല ആ നിശ്ചയമുള്ളവരായി ജീവിക്കുവാനും സാധിക്കും. ഈ നിശ്ചയത്തിനാണ് രക്ഷാനിർണ്ണയം എന്നു പറയുന്നത്. കർത്താവ് പറയുന്നത് കേൾക്കുക: 'വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽനിന്നും ജീവങ്കലേക്ക് കടന്നിരിക്കുന്നു' (യോഹന്നാൻ 5:24). മരണത്തിങ്കൽ നിന്നും ജീവങ്കലേക്ക് കടന്നിരിക്കുന്നു എന്നു പറയുന്നത് വ്യക്തവും ഖണ്ഡിതവുമായ ഒരനുഭവമാണ്. മരണാനന്തരം കടക്കും എന്നല്ല വിശ്വസിക്കുന്ന നിമിഷത്തിൽ കടന്നിരിക്കുന്നു എന്നാണ്. മരണത്തിൽനിന്നു ജീവങ്കലേക്കു കടക്കുക എന്നു പറഞ്ഞാൽ

മരിച്ച അവസ്ഥയിൽ നിന്ന് ഉയർത്ത അവസ്ഥയിലെത്തി എന്നാണെല്ലോ.

എഫെസ്യർ 2 – ൽ പൗലോസും ഇതുതന്നെയാണ് പറയുന്നത്. 'അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു' (എഫെ. 2:1). രക്ഷിക്കപ്പെടുന്നതിനെ ഇവിടെ പുനരുത്ഥാനത്തോട് ഉപമിച്ചിരിക്കുന്നു. മരിച്ച ഒരാൾ ഉയർത്താൽ, ഉയർത്തു എന്ന് ധൈര്യമായി പറയാം. പൗലോസ് വീണ്ടും പറയുന്നതു കേൾക്കുക: 'കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫെ. 2:8). രക്ഷിക്കപ്പെടുമെന്നോ, രക്ഷിക്കപ്പെട്ടേക്കുമെന്നോ അല്ല, രക്ഷിക്കപ്പെട്ടിരിക്കുന്നത് എന്നാണ്. സംഭവിച്ചുകഴിഞ്ഞ ഒരുകാര്യം. അങ്ങനെ രക്ഷിക്കപ്പെട്ടു എന്നു പറയുവാൻ കഴിയുന്ന ഒരു സ്ഥിതിയുണ്ടെന്നു തെളിയുന്നു. 'മുമ്പെ നിങ്ങൾ ഇരുൾ ആയിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു' (എഫെ.5:8). പൗലോസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ, 'നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിലും നമ്മുടെ ദൈവത്തിൻെറ ആത്മാവിനാലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു' എന്നു പറയുന്നു (1 കൊരി.6:11). ദുഷ്പ്രവർത്തിയിൽ ജീവിച്ച ഒരു കഴിഞ്ഞകാലം; അതിൽ നിന്ന് വിടുതൽ കിട്ടിയ ഒരു വർത്തമാനകാലം. ആകയാൽ രക്ഷിക്കപ്പെടുക എന്നത് യഥാർത്ഥമായ ഒരു അനുഭവമാണ്. രക്ഷിക്കപ്പെട്ടെന്ന് ഈ ആയുസ്സിൽ പറയുവാൻ സാധിക്കുമോ എന്ന് സംശയിക്കുന്നവരും അങ്ങനെ പറയുന്നത് ഒരു നിഗളമാണെന്ന് കരുതുന്നവരുമുണ്ട്. അങ്ങനെയുള്ളവർ മുകളിൽ ഉദ്ധരിച്ച വാക്യങ്ങൾ ശ്രദ്ധിക്കുക.

രക്ഷിക്കപ്പെടുന്നമാത്രയിൽ ഒരുവന് പരിശുദ്ധാത്മാവിനെ ദാനമായി ലഭിക്കുന്നു. (എഫെ.1:13,14; റോമ. 8:23). ദൈവാത്മാവില്ലാത്തവൻ രക്ഷിക്കപ്പെട്ടവനല്ല. 'ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല' (റോമ. 8:9). രക്ഷിക്കപ്പെട്ടശേഷം വീണ്ടും ആത്മാവിനായി കാത്തിരിക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല. ആത്മാവിനാൽ നിറയപ്പെടുവാനാണ് നാം പ്രാർത്ഥിക്കേണ്ടത് (എഫെ. 5:18). ആത്മാവിനാൽ നിറയപ്പെട്ടവർ ആത്മാവിനെ അനുസരിച്ച് നടക്കുകയും (ഗലാ.5:25), ആത്മാവിൻെറ ഫലം പുറപ്പെടുവിക്കുകയും ചെയ്യും. 'ആത്മാവിൻെറ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; (ഗലാ. 5:22,23). ആത്മനിറവിൽ ഒരു വിശ്വാസി ചെയ്യേണ്ട കാര്യങ്ങൾ എഫെസ്യർ 5:18 മുതൽ ഉള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു.

## രക്ഷിക്കപ്പെട്ടവർ എന്തു ചെയ്യണം?

**1. രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണം:** കർത്താവിൻെറ ഒരു പ്രധാന കല്പനയാണിത് (മത്തായി 28:19,20). സ്നാനം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലായിരിക്കണം. അഥവാ ത്രീയേക ദൈവത്തിൻെറ നാമത്തിലായിരിക്കണം. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഒരുവൻ സ്നാനപ്പെടുമ്പോൾ പിതാവിൻെറ ദൈവത്വം മാത്രമല്ല, പുത്രൻെറ ദൈവത്വവും പരിശുദ്ധാത്മാവിൻെറ ആളത്വവും ദൈവത്വവും കൂടി ഏറ്റു പറയുകയാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നത് മൂന്ന് വ്യത്യസ്ഥ വ്യക്തികളല്ല, മറിച്ച്, അവ ഏക ദൈവത്തിൻെറ മൂന്ന് വ്യക്തിത്വങ്ങളാണ്. സ്നാനപ്പെടണമെന്നുള്ളത് കർത്താവിൻെറ കല്പനയാണ്. പുതിയനിയമസഭയുടെ പ്രാരംഭദിനമായ പെന്തകൊസ്തുദിവസം രക്ഷിക്കപ്പെട്ട മൂവാ

യിരം യെഹൂദന്മാർ സ്നാനം ഏൽക്കുവാൻ പത്രോസ് ആവശ്യപെട്ടു (അപ്പൊ.പ്രവ.2:38). ഫീലിപ്പോസ് ശമര്യ പട്ടണത്തിൽ ചെന്നു പ്രസംഗിക്കുകയും വിശ്വസിച്ചവരെ സ്നാനപ്പെടുത്തുകയും ചെയ്തു (അപ്പൊ.പ്രവ.8:12). പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു എന്നു പറയുന്നു. കുഞ്ഞുങ്ങളുടെ കാര്യം പറയുന്നില്ല. കാരണം വിശ്വസിക്കുന്നവരെ മാത്രമേ അപ്പോസ്തോല കാലത്ത് സ്നാനപ്പെടുത്തിയിരുന്നുള്ളു. എത്യോപ്യക്കാരനായ ഷണ്ഡൻ വിശ്വസിച്ചയുടനെ സ്നാനമേറ്റു (അപ്പൊ.പ്രവ.8:38). 'ഞാൻ സ്നാനമേൽക്കുന്നതിനു എന്തു വിരോധം' എന്ന് അവൻ ചോദിച്ചതിൽനിന്നും ഫീലിപ്പോസ് സുവിശേഷം പറഞ്ഞകൂട്ടത്തിൽ സ്നാനത്തിന്റെ കാര്യവും പറഞ്ഞു എന്നു തെളിയുന്നു. വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാൻ കർത്താവാണ് കല്പിച്ചത്. സ്നാനപ്പെടുത്തുമ്പോൾ നാം ആ കല്പന നിറവേറ്റുകയാണ്. അതേ സമയം വിശ്വസിക്കുന്ന ആളിനു സ്നാനം ഏൽക്കുവാനുള്ള ഒരുക്കത്തെ മുൻനിർത്തിയാണ് സ്നാനമേറ്റു എന്നു പറയുന്നത്. രണ്ടും ആവശ്യമാണ്.

പൗലോസ് രക്ഷിക്കപ്പെട്ടു കഴിഞ്ഞപ്പോൾ സ്നാനപ്പെട്ടു (അപ്പൊ.പ്രവ.9:18). കൊർന്നേല്ല്യോസിന്റെ ഭവനത്തിൽ വിശ്വസിച്ചവർ സ്നാനപ്പെട്ടു (അപ്പൊ. പ്രവ.10:47,48). ലുദിയായും കുടുംബവും വിശ്വസിച്ചതിനെത്തുടർന്ന് സ്നാനമേറ്റു (അപ്പൊ. പ്രവ.16:15). കാരാഗൃഹപ്രമാണിയും അവനുള്ളവരും രക്ഷിക്കപ്പെട്ടതിനുശേഷം സ്നാനപ്പെട്ടു (അപ്പൊ. പ്രവ.16:33). കുടുംബം എന്നും, തനിക്കുള്ളവരെന്നും പറയുന്നതിനാൽ കുടുംബത്തിൽ വിശ്വസിച്ചവരെന്നും, തനിക്കുള്ളവരിൽ വിശ്വസിച്ചവരെന്നുമാണർത്ഥം. 'വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു', 'ദൈവത്തിൽ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിച്ചു' എന്നീ പ്രയോഗങ്ങൾ (വാക്യം 32,34) ഇതിനെ സ്ഥിരീകരിക്കുന്നു.

**സ്നാനത്തിൻെറ അർത്ഥം:** വിശ്വസിച്ച ഒരുവൻ ക്രിസ്തുവിനോടുകൂടി മരിച്ചു അടക്കപ്പെട്ട് ഉയർത്തിരിക്കുന്നതിനെയാണ് സ്നാനം കാണിക്കുന്നത് (റോമ. 6:3,4); കൊലൊ.2:12). സ്നാനം രക്ഷക്കുള്ള മാർഗ്ഗമല്ല; രക്ഷിക്കപ്പെട്ടു എന്നതിൻെറ വെളിപ്പെടുത്തലാണ്. വെള്ളത്തിൽ മുങ്ങി സ്നാനപ്പെടുക എന്നതാണ് ശരിയായ രീതി. വെറുതെ വെള്ളം തളിക്കുന്നത് സ്നാനമല്ല. ക്രിസ്തുവിൻെറ അടക്കം പുനരുത്ഥാനം എന്നിവയെ ശാദൃശീകരിക്കാൻ വെള്ളത്തളിപ്പിന്നു എങ്ങനെ സാധിക്കും? വിശ്വസിച്ച് സ്നാനപ്പെടുക എന്ന ക്രമമാണ് പുതിയനിയമത്തിൽ നാം കാണുന്നത്. വിശ്വാസ സ്നാനം എന്നല്ലാതെ മുതിർന്ന സ്നാനമെന്ന് പുതിയ നിയമം പറയുന്നില്ല. സ്നാനത്തിന് പ്രായമല്ല, വിശ്വാസമാണ് പ്രധാന വിഷയം. ശിശുക്കളെ സ്നാനപ്പെടുത്തുവാൻ കർത്താവ് കല്പിച്ചിട്ടില്ല. ഒരു ശിശുവിനെ എങ്കിലും സ്നാനപ്പെടുത്തിയതായി പുതിയനിയമത്തിൽ തെളിവില്ല. വിശ്വസിച്ചതിനുശേഷം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഏൽക്കുന്ന സ്നാനത്തെപ്പറ്റി മാത്രമേ പുതിയനിയമം പറയുന്നുള്ളു. സ്നാപകൻെറ അയോഗ്യതയെ അടിസ്ഥാനമാക്കി വീണ്ടും സ്നാനപ്പെടുത്തിയതായും പുതിയനിയമം പറയുന്നില്ല.

2. **വേർപെടണം:** രക്ഷിക്കപ്പെടുന്നവരുടെ കൂട്ടമാണ് സഭ. ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ഏതെങ്കിലും ഒരു മതത്തിൻെറയോ ക്രൈസ്തവവിഭാഗത്തിൻേറയോ അംഗമായിരിക്കും. രക്ഷിക്കപ്പെട്ടു കഴിയുമ്പോൾ ദൈവമകനായിത്തീരുന്നു. തുടർന്നുള്ള ജീവിതത്തിനും ആരാധനയ്ക്കും ശുശ്രൂഷക്കും സേവനത്തിനും ദൈവജനത്തിൻെറ അഥവാ രക്ഷിക്കപ്പെട്ടവരുടെ സഹവാസമാണ് ആത്യാവശ്യം. ഇവിടെയാണ് വേർപാടിൻെറ ആവശ്യം വരുന്നത്. വചനവിരുദ്ധമായ ഉപ

ദേശങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും വേർപെട്ട് നിൽക്കണം. ഇതിനെക്കുറിച്ച് തിരുവചനം പറയുന്നത് ഇപ്രകാരമാണ്. 'അതുകൊണ്ട് അവരുടെ നടുവിൽനിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്ന് സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു' (2 കൊരി. 6:17,18). ദുരുപദേഷ്ടാക്കന്മാരിൽ നിന്നും ദുരുപദേശങ്ങളിൽനിന്നും വേർപെട്ട് നിൽക്കണം. ലോകം (ലോകവ്യവസ്ഥിതി) ദൈവത്തോട് ശത്രുതാമനോഭാവം പുലർത്തുന്നതാകയാൽ ലോകത്തിൽനിന്നു അകന്നു നില്ക്കേണം (1 യോഹ.2:15–17; യോഹ.15:18,19; റോമ.12:1,2).

3. **ആരാധിക്കണം:** രക്ഷിക്കപ്പെട്ടവർ ദൈവത്തെ ആരാധിക്കുന്നവരായിരിക്കണം. ദൈവം ക്രിസ്തുവിൽ നിറവേറ്റിയ വീണ്ടെടുപ്പാണ് ആരാധനയുടെ അടിസ്ഥാനം. ആരാധനയിൽ നാം ദൈവത്തോട് ചോദിച്ച് വാങ്ങുകയല്ല. ദൈവത്തിനു കൊടുക്കുകയാണ്, സ്തുതിയും സ്തോത്രമാകുന്ന യാഗം അർപ്പിക്കുകയാണ് (എബ്രാ.12:15). രക്ഷിക്കപ്പെടുമ്പോൾ നാം ദൈവമക്കളായിത്തീരുന്നു; മാത്രമല്ല ദൈവസന്നിധിയിലേക്ക് കടന്നുചെന്ന് ആരാധിക്കാൻ കഴിയുന്ന പുരോഹിതവർഗ്ഗമായും തീരുന്നു (1പത്രോ.2:4,5,9). ദൈവത്തെ ആത്മാവിലും സത്യത്തിലും നമസ്കരിക്കണമെന്നാണ് കർത്താവു ശമര്യസ്ത്രീയോട് പറഞ്ഞത്. 'സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു (യോഹ. 4:23). മക്കളാണ് ആരാധിക്കുന്നത്; പിതാവിനെയാണ് ആരാധിക്കുന്നത്. അതുകൊണ്ട് രക്ഷിക്കപ്പെടാത്തവർക്ക് ആരാധിപ്പാൻ അർഹതയില്ല. ആരാധനക്ക് പ്രത്യേക സ്ഥലമോ പ്രത്യേക ചടങ്ങുകളോ ഇല്ല. പുതിയനിയമ ആരാധനയിൽ എവിടെ ആരാധിക്കുന്നു

എന്നതിനെക്കാൾ പ്രധാനം ആര് ആരെ ആരാധിക്കുന്നു എന്നുള്ളതാണ്.

പുതിയനിയമ ആരാധനയിൽ തിരുവത്താഴശുശ്രൂഷക്ക് വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്. 'അവർ അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു' (അപ്പൊ. പ്രവ.2:42). കർത്താവിൻെറ കല്പനപ്രകാരവും കർത്താവിൻെറ മരണത്തെ ഓർക്കുന്നതിനുമാണ് തിരുവത്താഴം ആചരിക്കുന്നത് (ലൂക്കൊ. 22:19). ശരീരത്തിൻെറ ഓർമ്മക്കായി അപ്പവും രക്തത്തിൻെറ ഓർമ്മക്കായി പാനപാത്രവും തന്നിരിക്കുന്നു. ഈ അപ്പ-വീഞ്ഞുകൾ ശരീരവും രക്തവുമായി മാറുന്നില്ല. നാം ഭക്ഷിക്കുന്നത് അപ്പമാണ്, കുടിക്കുന്നത് വീഞ്ഞാണ്. തിരുവത്താഴത്തിൻെറ ഉപദേശം പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്നത് 1 കൊരി.11 ലാണ്. അവിടെ അപ്പോസ്തോലൻ പറയുന്നത് 'അങ്ങനെ നിങ്ങൾ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവൻെറ മരണത്തെ പ്രസ്താവിക്കുന്നു' എന്നാണ് (വാ. 26). തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിനാൽ പാപമോചനം ഉണ്ടാകുന്നില്ല. വിശ്വാസത്താൽ പാപമോചനം പ്രാപിച്ചവരാണ് ഇതിൽ പങ്കെടുക്കുന്നത്. കർത്താവ് രക്ഷിക്കപ്പെട്ടവർക്കായി നിയമിച്ച രണ്ടു ബാഹ്യകർമ്മങ്ങളായ സ്നാനവും തിരുവത്താഴവും നാമധേയ ക്രൈസ്തവലോകം (ക്രൈസ്തവർ എന്ന് പേരുമാത്രമുള്ളവർ) പാപമോചനത്തിനുള്ള ഉപാധികളാക്കിമാറ്റി.

## ക്രിസ്തീയ ജീവിതവും ശുശ്രൂഷയും

ക്രിസ്തു വിശ്വാസിയിൽകൂടി ജീവിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം. 'ഇനി ജീവിക്കുന്നത് ഞാനല്ല,

ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു' (ഗലാ.2:20). ക്രിസ്തു മുന്തിരിവള്ളിയും വിശ്വാസികൾ കൊമ്പുകളുമാകുന്നു (യോഹ.15:5). ക്രിസ്തുവിനോടുള്ള ബന്ധം ജീവൽ ബന്ധമാണ്. ക്രിസ്തുവിൻെറ ജീവരസം നമ്മിലേക്ക് പ്രവഹിക്കുകയും അങ്ങനെ ഫലകരമായ ജീവിതത്തിനും ശ്രുശ്രൂഷക്കും നാം പ്രാപ്തരാകുകയും ചെയ്യുന്നു. മുന്തിരിവള്ളി കൊമ്പുകൾവഴി മുന്തിരിങ്ങാ കായിക്കുന്നതുപോലെ ക്രിസ്തുവിനോടുള്ള ഐക്യത്തിൻെറ ഫലമായി നമ്മിൽ ആത്മാവിൻെറ ഫലം കായിക്കുവാൻ ഇടയാക്കുന്നു (ഗലാ. 5:22,23). പാപപ്രവർത്തികൾക്കു പകരം സൽപ്രവർത്തികൾ ചെയ്യുവാൻ നാം പ്രാപ്തരായിത്തീരുന്നു.

## ക്രിസ്തീയ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. **സാക്ഷ്യം:** കർത്താവായ യേശുക്രിസ്തു രക്ഷകനും കർത്താവുമെന്ന് നമ്മുടെ അധരങ്ങളാൽ നാം മറ്റുള്ളവരോട് സാക്ഷിക്കേണം. വിശ്വസിച്ച് രക്ഷിക്കപ്പെട്ടപ്പോൾ ഒരു ഏറ്റുപറച്ചിൽ നടന്നു (റോമ.10:9). അതിനുശേഷവും മറ്റുള്ളവരുടെ മുമ്പിൽ നാം കർത്താവിനെ സാക്ഷിക്കണമെന്ന് കർത്താവ് കല്പിച്ചിരിക്കുന്നു (മത്താ.10:32). അങ്ങനെ ചെയ്യുന്നത് അവരെ രക്ഷയിലേക്ക് നടുത്തുവാൻ മാത്രമല്ല, നമ്മുടെ നില പാലിക്കുന്നതിന് നമ്മെ സഹായിക്കുകയും ചെയ്യും.

2. **സൽപ്രവർത്തികൾ:** രക്ഷക്ക് സൽപ്രവർത്തികൾ ആവശ്യമല്ല. എന്നാൽ രക്ഷിക്കപ്പെട്ടതിൻെറ തെളിവായി സൽപ്രവർത്തികൾ ആവശ്യമാണ്. നമ്മെ സൽപ്രവർത്തികൾക്കായി ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കിയിരിക്കുന്നു (എഫെ. 2:10). സൽപ്രവർത്തികൾകൊണ്ട് രക്ഷപ്രാപിക്കുവാനാണ് ഇതരമതങ്ങൾ പഠിപ്പിക്കുന്നത്. പുതിയനിയമമാകട്ടെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടിട്ട് സൽപ്രവർത്തികൾ ചെയ്യുവാൻ

ആവശ്യപ്പെടുന്നു. 'ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവർത്തികളിൽ ഉത്സാഹികളായിരിക്കേണം' (തീത്തോ.3:8).

3. **പ്രാർത്ഥന:** ആത്മീക ജീവിതത്തിൻെറ ശക്തികേന്ദ്രം പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത ജീവിതം പരാജയത്തിൻെറ രംഗമാണ്. സാത്താൻെറ പരീക്ഷകളെ ജയിക്കുന്നതിന് പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ പ്രാർത്ഥിക്കണമെന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു. പ്രാർത്ഥനയിലാണ് ദൈവഹിതം നാം മനസ്സിലാക്കുന്നത്. ദൈവത്തോട് ഏതാനും കാര്യങ്ങൾ മാത്രം പറയുവാനുള്ള സമയമല്ല പ്രാർത്ഥന. ദൈവവുമായി സംസർഗ്ഗം ചെയ്ത് ശക്തി സംഭരിക്കുന്ന സമയം കൂടിയാണത്. ഏതുനേരത്തും പ്രാർത്ഥിക്കുക; ഇടവിടാതെ പ്രാർത്ഥിക്കുക എന്നിത്യാദി കല്പനകൾ നമുക്കുണ്ട് (റോമ. 12:13; ഫിലി. 4:6; 1തെസ്സ. 5:17).

4. **ദൈവവചനപാരായണവും ധ്യാനവും:** പ്രാർത്ഥന ആത്മീക ജീവിതത്തിലെ ശ്വാസോച്ഛ്വാസവും, ദൈവവചനം ആത്മീകശിശുവിൻെറ ആഹാരവുമാണ്. വചനമാകുന്ന പാൽ കുടിച്ചാണ് നാം വളരേണ്ടത് (1 പത്രൊ.2:1,2). വചനം ആഹാരം മാത്രമല്ല, വെളിച്ചവുമാണ്. 'നിൻെറ വചനം എൻെറ കാലിനു ദീപവും എൻെറ പാതക്ക് പ്രകാശവും ആകുന്നു' (സങ്കീ. 119:105). വചനത്തിന് ശുദ്ധീകരിപ്പാൻ കഴിവുണ്ട്. 'ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു' (യോഹ.15:3). സാത്താനോട് യുദ്ധം ചെയ്യുവാനുള്ള ആത്മാവിൻെറ വാളാണ് വചനം (എഫെ.6:17). എഴുതപ്പെട്ട വചനം വഴിയാണ് ദൈവത്തിൻെറ ആലോചന നാം ഇന്നും മനസ്സിലാക്കുന്നത്. സഭയുടെ ഉപദേശത്തിനും ആചാരത്തിനും എഴുതപ്പെട്ട വചനം മാത്രമാണ് പ്രമാണം; പാരമ്പര്യമോ ചരിത്രമോ അല്ല.

ദൈവാത്മാവിൻെറ പ്രകാശനം വഴിയാണ് വചനസത്യം നാം ഗ്രഹിക്കുന്നത്. 'എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാക യാൽ ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസന ത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു' (2 തിമോ.3:16,17). വചനം വായി ച്ചാൽ മാത്രം പോരാ, അതു ധ്യാനിക്കുകയും ചെയ്യേണം (സങ്കീ.1:3). ധ്യാനം അയവിറക്കുന്നതിനു തുല്യമാണ്.

**5. സമർപ്പണം:** ഒരു വിശ്വാസി തന്നെയും തനിക്കുള്ളതി നെയും ദൈവനാമമഹത്വത്തിനായി സമർപ്പിക്കണം (റോമ. 12:1). ഇതിൽ ആത്മാവും ശരീരവും പണവും സമയവും എല്ലാം ഉൾപ്പെടുന്നു. ദൈവമക്കളുടെ ശരീരം ദൈവത്തിൻെറ മന്ദിരമാണ്. അതിനാൽ ശരീരംകൊണ്ട് ദൈവത്തെ മഹത്വ പ്പെടുത്തണം (1 കൊരി.6:20). നാം ദൈവത്തിൻെറ ഗൃഹവി ചാരകന്മാരാണ്; നാം ഒന്നിൻെറയും ഉടമസ്ഥരല്ല, സൂക്ഷി പ്പുകാർ മാത്രമാണ്. നമ്മുടെ പണം കർത്താവിൻെറ വേല ക്കും ദൈവജനത്തിൻെറ ബുദ്ധിമുട്ട് തീർക്കുന്നതിനും നാം ചിലവിടേണം. അതിഥിസൽക്കാരവും നമ്മുടെ കർത്തവ്യത്തി ൽപെട്ടതാണ് (റോമ.12:13; എബ്രാ.13:1; അപ്പൊ.പ്രവ.16:15). നമ്മുടെ ജീവിതം ഒരു മാതൃകാ ജീവിതമായിരിക്കേണം. മാതൃകയുള്ളവരും സാക്ഷ്യമുള്ളവരുമല്ലെങ്കിൽ നമ്മുടെ വാക്കുകളെ മറ്റുള്ളവർ ആദരിക്കയില്ല. നാം സുവിശേഷ ത്തിനു തടസ്സമായിത്തീരും.

## ക്രിസ്തീയജീവിതത്തിലെ ശത്രുക്കൾ

**1. ലോകം:** നാം ലോകക്കാരല്ല; എന്നാൽ നാം ലോക ത്തിലാണ് ജീവിക്കുന്നത്. അതുകൊണ്ട് ഈ ലോകം നമുക്കെതിരാണ് (യോഹ. 15:19). ലോകമെന്ന് പറയുന്നത്

ദൈവത്തോട് ശത്രുതയുള്ളതും ദൈവീക കാര്യങ്ങളോട് വെറുപ്പുള്ളതുമായ ഒരു വ്യവസ്ഥിതിയാണ്. ഈ ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആണ്. ലോകത്തെയും ലോകത്തിനുള്ളതിനേയും സ്നേഹിക്കരുത്. ഈ ലോകത്തിന് അനുരൂപപ്പെടരുത് (യാക്കോ. 4:4; 1 യോഹ.2:15; റോമ.12:1). ലോകത്തിൻെറ ആർഭാടങ്ങൾ, വെറിക്കൂത്തുകൾ, വേഷങ്ങൾ ആദിയായവയെല്ലാം ലോകമെന്ന വാക്കിൻെറ പരിധിയിൽപ്പെടും (1 യോഹ.2:16).

**2. ജഡം:** ഇത് നമ്മുടെ പാപസ്വഭാവത്തെക്കാണിക്കുന്നു; അതായത്, നമ്മുടെ പഴയ പ്രകൃതിയെ. വീണ്ടും ജനനത്തിൽ ഒരു പുതിയ പ്രകൃതി നമുക്ക് ലഭിച്ചു. എന്നാൽ പഴയ പാപ പ്രകൃതിയും നമ്മിലുണ്ട്. ദൈവാത്മാവിൻെറ നിയന്ത്രണത്തിലല്ലാതെവന്നാൽ നാം ജഡത്തിൻെറ നിയന്ത്രണത്തിലാകും (ഗലാ. 5:16,17).

**3. പിശാച്:** ദൈവത്തോടെന്നപോലെ ദൈവമക്കളുടേയും എതിരാളിയാണ് പിശാച് (1 പത്രോ.5:8). അവരെ തെറ്റിക്കുന്നതിന് അവൻ ചിലപ്പോൾ വെളിച്ചദൂതൻെറ വേഷം ധരിക്കും (2 കൊരി.11:14). അവനോട് നാം എതിർത്തു നിൽക്കേണം (1പത്രോ. 5:9). ദുഷ്ടൻെറ തീയമ്പുകളെ കെടുക്കുവാൻ വിശ്വാസം എന്ന പരിച എടുക്കുവാൻ ദൈവം കല്പിച്ചിരിക്കുന്നു (എഫെ. 6:16). പിശാചിൻെറ തന്ത്രങ്ങളോട് എതിർത്തു നിൽക്കുന്നതിന് വിശ്വാസികൾ ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ധരിക്കണം (എഫെ.6:11). ‘നിങ്ങളുടെ അരക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരുപ്പാക്കിയും, എല്ലാറ്റിനുംമീതെ ദുഷ്ടൻെറ തീയമ്പുകളെ ഒക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം

എന്ന ആത്മാവിൻെറ വാളും കൈക്കൊൾവിൻ' (എഫെ. 6:14–17).

## ഭാവി പ്രത്യാശ

ഒരു വിശ്വാസി പ്രത്യാശയുള്ളവനാണ്. രക്ഷിക്കപ്പെടുന്നതിനു മുമ്പ് തനിക്ക് പ്രത്യാശയില്ലായിരുന്നു (ഏഫെ. 2:12). ഭാവിയെപ്പറ്റിയുള്ള ശുഭകരമായ പ്രതീക്ഷയാണ് പ്രത്യാശ. നമ്മുടെ രക്ഷയുടെയും ജീവിതത്തിൻെറയും കേന്ദ്രം ക്രിസ്തുവായിരിക്കുന്നതു പോലെ പ്രത്യാശയുടെ കേന്ദ്രവും ക്രിസ്തുവാണ് (1 തിമൊ.1:1). ഭാവിഭാഗ്യങ്ങളിലേക്ക് നമ്മെ എത്തിക്കുന്നത് ഈ പ്രത്യാശയാകയാൽ ഇതിനെ ഭാഗ്യകരമായ പ്രത്യാശ എന്നു വിളിക്കുന്നു (തീത്തോ. 2:12).

യേശുക്രിസ്തുവിൻെറ വീണ്ടുംവരവാണ് ഈ പ്രത്യാശയുടെ പൊരുൾ (യോഹ.14:1–3). താൻ ഇരിക്കുന്നിടത്ത് തൻെറ ജനവും ഇരിക്കും എന്നാണ് ക്രിസ്തുവിൻെറ വാഗ്ദത്തം. ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ മാത്രമല്ല മരിച്ചുപോയ വിശ്വാസികളും ഇതിൽ പങ്കുള്ളവരാണ് (1തെസ്സ. 4:13–16). കർത്താവ് ആകാശത്തിൽ വരുമ്പോൾ ജീവിച്ചിരിക്കുന്ന വിശ്വാസികൾ രൂപാന്തരപ്പെടുകയും മരിച്ചുപോയവർ ഉയിർക്കുകയും ചെയ്യും (1 കൊരി. 15:52). ഈ വരവിൽ സഭയുടെ ഉൽപ്രാപണം (ആകാശത്തിലേക്കുള്ള എടുത്തുകൊള്ളപ്പെടൽ) നടക്കും. അതായത് നാം ക്രിസ്തുവിൻെറ അടുക്കലേക്ക് ചേർക്കപ്പെടും. നമ്മുടെ ശരീരം തേജസ്ക്കരണം പ്രാപിച്ച ക്രിസ്തുവിൻെറ ശരീരത്തിന് തുല്യമായിത്തീരും (ഫിലി.3:21). ഈ വരവിനെയാണ് സഭ കാത്തിരിക്കുന്നത് (ഫിലി. 3:20; കൊലൊ.1:7). അതിനുശേഷം വിശ്വാസികളുടെ ശുശ്രൂഷകൾക്ക് കർത്താവ് തക്ക പ്രതിഫലം

നല്കും. ഈ ഘട്ടത്തെ ക്രിസ്തുവിൻെറ നാൾ എന്നു വിളിച്ചിരിക്കുന്നു. (2 തിമോ. 4:7,8; ഫിലി. 2:16).

ഇതിനുശേഷം കർത്താവ് സഭയോടൊപ്പം ഭൂമിയിലേക്ക് വരും. ഇതാണ് മനുഷ്യപുത്രൻെറ വരവ് (മത്താ.24:30). യിസ്രായേലിനോടുള്ള വാഗ്ദത്തം നിറവേറ്റുവാനാണ് ഈ വരവ്. ഈ ഘട്ടത്തിലായിരിക്കും ഭൂമിയിൽ മഹോപദ്രവവും അന്തിക്രിസ്തുവിൻെറ ഭരണവും. ഈ വരവിനെ മഹത്വ പ്രത്യക്ഷത എന്നും പറയുന്നു. ഇതിൻെറ ഫലമായി അന്തിക്രിസ്തുവിനെ നീക്കുകയും യിസ്രായേൽ ജനത്തെ ലോകത്തിൻെറ എല്ലാഭാഗത്തുനിന്നും കൂട്ടിച്ചേർക്കുകയും ലോകഭരണം കർത്താവ് ഏറ്റെടുക്കുകയും ചെയ്യും. പിന്നെ ആയിരം വർഷങ്ങൾ യെരൂശലേമിനെ കേന്ദ്രമാക്കി, യിസ്രായേലിൻെറ രാജാവായി പ്രവാചകന്മാർ പറഞ്ഞിരുന്നതുപോലെ കർത്താവ് ഈ ഭൂമിയെ ഭരിക്കും. ഇതാണ് സഹസ്രാബ്ദ ഭരണം. ഇന്തിനുശേഷം അന്ത്യ ന്യായവിധി നടക്കും. മരിച്ചുപോയ സകല ദുഷ്ടന്മാരും ഉയിർക്കും. അവർക്ക് (യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കാത്ത എല്ലാവർക്കും) നിത്യ ശിക്ഷാവിധി എന്ന തീർപ്പ് കല്പിക്കും.

പ്രിയ സ്നേഹിതാ, താങ്കളുടെ നിത്യത എവിടെയായിരിക്കും? ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപമോചനം പ്രാപിക്കുകയും തൻെറ കല്പനകളെ അനുസരിച്ച് ജീവിക്കുകയും ചെയ്താൽ താമസംവിനാ സംഭവിക്കുവാൻ പോകുന്ന മേൽവിവരിച്ച ഭയാനകരമായ ശിക്ഷാവിധിയിൽനിന്നും തങ്കൾക്കും രക്ഷപ്രാപിക്കാം, ക്രിസ്തുവിനോടൊപ്പം യുഗായുഗങ്ങൾ നിത്യതയിൽ വസിക്കാം. 'ഇപ്പോൾ ആകുന്നു സുപ്രസാദ കാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസം' (2 കൊരി. 6:2) ഒരിക്കൽ മരണവും പിന്നീട് ന്യായവിധിയും എല്ലാ മനു

ഷ്യർക്കും നിയമിച്ചിരിക്കുന്നു (എബ്രാ.9:27). കൃപായുഗത്തിൻെറ വാതിൽ അടക്കുന്നതിനുമുൻപ് യേശുക്രിസ്തു ഒരുക്കിയിരിക്കുന്ന സൗജന്യ രക്ഷ താങ്കളുടെ സ്വന്തമാക്കൂ!

ഒരുപക്ഷേ താങ്കൾ ഒരു ക്രിസ്ത്യാനിയായിരിക്കാം; പള്ളിയും പാരമ്പര്യവും പറയുന്ന എല്ലാ കാര്യങ്ങളും അനുവർത്തിക്കുന്ന ഒരുവനായിരിക്കാം. എന്നാൽ ദൈവവചനത്തിനു മുമ്പിൽ താങ്കൾ ഇതുവരെ മനസ്സിലാക്കിയതൊക്കെ ശരിയാണെന്ന് സ്വയം ശോധന ചെയ്തിട്ടുണ്ടോ? നിങ്ങൾ ഏതു സഭയിലായിരുന്നാലും, ബൈബിളിലെ പ്രമാണങ്ങൾ കൃത്യമായി മനസ്സിലാക്കി അനുസരിച്ചില്ലെങ്കിൽ ദൈവം ഒരുക്കിയിരിക്കുന്ന നിത്യത നിങ്ങൾക്ക് നഷ്ടമായേക്കാം. അതിനാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ സത്യവേദപുസ്തകത്തിൽ നിന്നും വ്യക്തമായി വായിച്ചു മനസ്സിലാക്കുക. ദൈവകൃപയില്ലാതെ അതിൽനിന്നും ഒന്നും ആർക്കും മനസ്സിലാകുകയില്ല. ആകയാൽ വേദപുസ്തകം എഴുതിയ പരിശുദ്ധാത്മാവിൻെറ സഹായത്താൽ കാര്യങ്ങൾ മനസ്സിലാക്കുക. സഭ മാറിയതുകൊണ്ടോ, ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ടോ, പുണ്യഭൂമി സന്ദർശിച്ചതുകൊണ്ടോ ആരും സ്വർഗ്ഗത്തിൽ പോകുകയില്ല. കർത്താവിൻെറ കല്പനകൾ അനുസരിച്ച് കർത്താവിനു കീഴ്പെട്ടുജീവിക്കുന്നവരാണ് ദൈവമക്കൾ. യേശുകർത്താവ് അവരെ ചേർക്കുവാൻ താമസംവിനാ വരും. അന്ന് പലരും ലജ്ജിച്ച് മു:ഖം താഴ്ത്തും. ക്രൈസ്തവ മതനേതാക്കൾ പലരും, അവരുടെ അനുയായികളിൽ ഭൂരിഭാഗവും വിളക്കിൽ എണ്ണ കരുതാഞ്ഞ കന്യകമാരെപ്പോലെ ഇവിടെത്തന്നെ ശേഷിക്കും. കർത്താവ് അവരോട്: ഞാൻ നിങ്ങളെ അറിയുന്നില്ല' എന്നു പറയും. അവർ കഷ്ടതയിലൂടെ കടന്നുപോകേണ്ടിവരും. ആകയാൽ നിങ്ങൾ ഉണർന്ന് തല ഉയർത്തി നോക്കുക! **666** നിങ്ങളുടെ സമീപം തന്നെ ഉണ്ട്. അവനെ 'ഇപ്പോൾ

തടുക്കുന്ന' പരിശുദ്ധാത്മാവ് കർത്താവിൻെറ രണ്ടാം വരവോടുകൂടി ഭൂമിയിൽനിന്നും നീങ്ങിപ്പോകും. കൃപായുഗം അവസാനിക്കും. ഇപ്പോൾ കർത്താവിൽ വിശ്വസിക്കാത്തവർക്ക് കരച്ചിലും പല്ലുകടിയും ഉണ്ടാകും. ഇന്നു നടക്കുന്ന ലോകസംഭവങ്ങൾ ശ്രദ്ധിച്ചാൽ കർത്തവിൻെറ രണ്ടാംവരവ് വളരെ ആസന്നമാണെന്ന് മനസ്സിലാക്കാം. അതു കണ്ടിട്ടും കണ്ടില്ലെന്നു നടിച്ച് അലസമായിരിക്കുന്നവർ വെറും മണ്ടന്മാർ!